"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്

നമ്പർ. F2/137/2022-HEALTH 19-05-2023,തിരുവനന്തപുരം

പ്രേക്ഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

ശ്രീ .സുരേഷ് ബാബു കെ.,
കാക്കാകുനിയിൽ, പുറക്കാട്ടിരി,
തളക്കുളത്തൂർ പി.ഒ.,- 673 317

ശ്രീ. സുന്ദരൻ. ടി.,
തോലിയിൽ ഹൗസ്,
കടലുണ്ടി പി.ഒ.,
പിൻ - 673 302

സർ,

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ കീഴിൽ ലെപ്രസ്സി ഇൻസ്പെക്ടർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവർക്ക് മിനിമം പെൻഷൻ അനുവദിക്കണമെന്ന ആവശ്യം- സംബന്ധിച്ച്

സൂചന:- 1) കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ വർക്കേഴ്സ് ഫെഡറേഷൻ സ്റ്റേറ്റ് കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ.സുരേഷ് ബാബു.കെ ബഹു മുഖ്യമന്ത്രിയ്ക്ക് അയച്ച 10.03.2022 -ലെ നിവേദനം

2) ശ്രീ സുന്ദരൻ.ടി ബഹു പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്കയച്ച 14.03.2022 -ലെ നിവേദനം

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ കീഴിൽ ലെപ്രസ്സി ഇൻസ്പെക്ടർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവർക്ക് മിനിമം പെൻഷൻ അനുവദിക്കണമെന്ന പ്രസ്തുത നിവേദനങ്ങളിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അംഗീകാരത്തോടെ

Signed by
Vilasini K V
സെക്ഷൻ ഓഫീസർ.
Date: 19-05-2023 16:03:05

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-05-2023

ഫയൽ നം. എഫ്2/137/2022/ഹെൽത്ത്. ഇനം നം: 1520

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ കീഴിൽ 1995-2000 കാലയളവിൽ ലെപ്രസ്സി ഇൻസ്പെക്ടർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുകയും 5 വർഷത്തിനു ശേഷം 2006-ൽ പാർട്ട് ടൈം സ്വീപ്പർമാരായി ആരോഗ്യവ കുപ്പിൽ സ്ഥിരനിയമനം ലഭിച്ച് സേവനത്തിൽ നിന്നും പിരിയുകയും ചെയ്തവർക്ക് കരാർ കാലയളവിലെ താത്ക്കാലിക സർവ്വീസ് നിലവിലെ പെൻഷന് അർഹമായ സർവ്വീസ് കാലയളവിനോട് ചേർത്ത് പരിഗണിച്ച് മിനിമം പെൻഷൻ അനുവദിക്കണമെന്ന ആവശ്യം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

17/5/2023

29

1520

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | എഫ് 2/137/2022-ഹെൽത്ത് |
| 2. വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ് |
| 3. വിഷയം | : | ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ കീഴിൽ 1995 - 2000 കാലയളവിൽ ലെപ്രസ്സി ഇൻസ്പെക്ടർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുകയും 5 വർഷത്തിനു ശേഷം 2006 -ൽ പാർട്ട് ടൈം സ്വീപ്പർമാരായി ആരോഗ്യവകുപ്പിൽ സ്ഥിരനിയമനം ലഭിച്ച് സേവനത്തിൽ നിന്നും പിരിയുകയും ചെയ്തവർക്ക് കരാർ കാലയളവിലെ താത്ക്കാലിക സർവ്വീസ് നിലവിലെ പെൻഷന് അർഹമായ സർവ്വീസ് കാലയളവിനോട് ചേർത്ത് പരിഗണിച്ച് മിനിമം പെൻഷൻ അനുവദിക്കണമെന്ന ആവശ്യം - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17/04/2023 |
| 5. (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ബി. സുരേന്ദ്രൻ പിള്ള |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ടിങ്കു ബിസ്വാൾ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 03.05.2023 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി. പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.05.2023 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.05.2023 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.05.2023 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 17.05.2023 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | F2/137/2022-HEALTH /05/2023 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ കീഴിൽ 1995 – 2000 കാലയളവിൽ ലെപ്രസ്സി ഇൻസ്പെക്ടർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുകയും 5 വർഷത്തിനു ശേഷം 2006 –ൽ പാർട്ട് ടൈം സ്വീപ്പർമാരായി ആരോഗ്യവകുപ്പിൽ സ്ഥിരനിയമനം ലഭിച്ച് ടി തസ്തികയിലും, ഫുൾടൈം തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിച്ചും സേവനത്തിൽ നിന്നും പിരിഞ്ഞവർക്ക് കരാർ കാലയളവിലെ താത്ക്കാലിക സർവ്വീസ് നിലവിലെ പെൻഷന് അർഹമായ സർവ്വീസ് കാലയളവിനോട് ചേർത്ത് പരിഗണിച്ച് മിനിമം പെൻഷൻ അനുവദിക്കണമെന്ന അപേക്ഷ സംബന്ധിച്ചുള്ളതാണ് മന്ത്രിസഭയ്ക്കുള്ള ഈ കുറിപ്പ്.

2) 1987 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്ന നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാമിൽ 1995–2000 കാലയളവിൽ പാരാമെഡിക്കൽ വർക്കർമാരായി കരാറടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന ജീവനക്കാരെ 5 വർഷങ്ങൾക്ക് ശേഷം നിലവിലുള്ള ചട്ടങ്ങളിലും വ്യവസ്ഥകളിലും ഇളവ് വരുത്തി പ്രത്യേക കേസായി പരിഗണിച്ച് മാനുഷിക പരിഗണനയുടെ പേരിൽ G.O.(Ms) No.40/2006/H&FWD dated 18.02.2006 പ്രകാരം 2006–ൽ ആരോഗ്യവകുപ്പിൽ പാർട്ട് ടൈം സ്വീപ്പർമാരായി നിയമിച്ചിരുന്നു. ഇങ്ങനെ നിയമനം ലഭിച്ചവരിൽ 10 വർഷ സേവന കാലയളവ് പൂർത്തിയാകാതെ പാർട്ട് ടൈം സ്വീപ്പർ / ഫുൾ ടൈം തസ്തികകളിൽ സർവീസിൽ നിന്നും വിരമിച്ചവർക്ക്, ടിയാളുകളുടെ താത്ക്കാലിക സേവന കാലയളവ് കൂടി പരിഗണിച്ച് മിനിമം സർവ്വീസ് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ഹോസ്പിറ്റൽ വർക്കേഴ്സ് ഫെഡറേഷൻ സ്റ്റേറ്റ് കമ്മിറ്റി ജനറൽ സെക്രട്ടറി ഹർജി സമർപ്പിച്ചിരുന്നു. മുൻകാല പ്രാബല്യം ഒഴിവാക്കി സർക്കാരിന് വലിയ ബാധ്യതയില്ലാതെ മാനുഷിക പരിഗണന നല്കി പ്രായാധിക്യം കൂടി പരിഗണിച്ച് അനുഭാവപൂർവ്വം ഹർജി പരിഗണിക്കണമെന്നും പ്രവർത്തനം നിലച്ച മലബാർ മാർക്കറ്റ് കമ്മിറ്റിയിൽ ജോലി നോക്കുകയും പിന്നീട് വിവിധ വകുപ്പുകളിൽ സ്ഥിരപ്പെടുത്തുകയും ചെയ്ത ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനായി മാത്രം അവരുടെ മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ സേവനകാലം സർക്കാർ സർവ്വീസിനോട് ചേർത്ത് പരിഗണിച്ചതുപോലെ, തങ്ങളുടെ താത്ക്കാലിക സേവനകാലയളവും പെൻഷന് പരിഗണിക്കണമെന്ന് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

3) ഹർജിക്കാർ ഇതേ ആവശ്യം ഉന്നയിച്ച് മുൻപ് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ പരിശോധിച്ച് സർക്കാർ നിരസിച്ചിട്ടുള്ളതാണ്. ഇതേ ആവശ്യം ധനകാര്യവകുപ്പ് പരിശോധിക്കുകയും ഹർജിക്കാരുടെ പെൻഷൻ വിശദാംശങ്ങൾ നേരിട്ട് പരിശോധിയ്ക്കേണ്ടതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഹിയറിംഗുകൾ ഉൾപ്പെടെ നടത്തുകയും F2/20/2020-HEALTH തീർപ്പുഫയലിൽ താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

**'ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ കീഴിൽ ലെപ്രസി ഇൻസ്പെക്ടർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുകയും തുടർന്ന് പിരിച്ച് വിടപ്പെടുകയും ചെയ്ത ജീവനക്കാരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർമാരായി നിയമിച്ചതെന്നും ടി ജീവനക്കാരിൽ ഫുൾ ടൈം ജീവനക്കാരായി വിരമിച്ചവർക്ക് അർഹതയുള്ള സർവീസിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നൽകി വരുന്നുണ്ടെന്നും പാർട്ട് ടൈം ജീവനക്കാരായി വിരമിച്ചവർക്കും പാർട്ട് ടൈം പെൻഷൻ അനുവദിച്ച് വരുന്നുണ്ടെന്നുള്ളതും കണക്കിലെടുത്തും സേവനമനുഷ്ഠിച്ച സർവീസിന്റെ അടിസ്ഥാനത്തിൽ നിലവിൽ ടി ഉദ്യോഗസ്ഥർ പെൻഷൻ കൈപ്പറ്റി വരുന്നതിനാലും താൽക്കാലിക സേവനകാലയളവ് കൂടി പെൻഷന് പരിഗണിക്കണമെന്ന നിവേദനം പരിഗണിക്കേണ്ടതില്ല.'**

4) G.O.(Ms) No.40/2006/H&FWD dated 18.02.2006 **ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2006-ൽ വിവിധ ജില്ലകളിൽ പാർട്ട് ടൈം സ്വീപ്പർമാരായി സ്ഥിരനിയമനം ലഭിച്ചവരുടെ പൂർണ്ണമായ വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല.** സർക്കാരിലും ലഭ്യമല്ലാത്തതാണ്. ലഭ്യമായ വിവരങ്ങൾ പ്രകാരം ഹർജിക്കാർ പാർട്ട് ടൈം സ്വീപ്പർമാരായാണ് 2006-ൽ സേവനത്തിൽ പ്രവേശിച്ചതെങ്കിലും അവരിൽ ഭൂരിപക്ഷവും സ്ഥാനക്കയറ്റം ലഭിച്ച് ഫുൾ ടൈം സ്വീപ്പർ, ആശുപത്രി അറ്റന്റന്റ് - ഗ്രേഡ് 2, നേഴ്സിംഗ് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലാണ് വിരമിച്ചിട്ടുള്ളത്. ഇവരിൽ മിനിമം സർവ്വീസ് പെൻഷന് യോഗ്യമായ സേവനകാലയളവ് (പത്ത് വർഷം / ഒൻപത് വർഷം ഒരു ദിവസം സേവന കാലയളവ്) തികയാതെ ഫുൾടൈം തസ്തികകളിൽ വിരമിച്ചവർക്ക് നിലവിൽ KSR Part - III പ്രകാരമുള്ള എക്സ്ഗ്രേഷ്യ പെൻഷൻ ലഭിക്കുന്നുണ്ട്.

5) പാർട്ട് ടൈം കൺടിൻജന്റ് സർവ്വീസ് ജീവനക്കാർക്ക് KSR ബാധകമല്ല. 2006-ൽ നിയമനം ലഭിക്കുകയും പാർട്ട് ടൈം തസ്തികയിൽ നിന്നും വിരമിക്കുകയും ചെയ്ത 15 പേർക്ക് (അനുബന്ധം I) നിലവിൽ പാർട്ട് ടൈം ജീവനക്കാർക്ക് ബാധകമായ പെൻഷൻ ലഭിക്കുന്നുണ്ട്. ആയതിൽ 7 പേരുടെ വിരമിക്കൽ തീയതി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത ജീവനക്കാർക്ക് ബേസിക് സർവ്വീസ് പെൻഷൻ നല്കണമെന്ന ആവശ്യം ചട്ടപ്രകാരം പരിഗണിക്കാനാവില്ല.

6) 2006-ൽ ആരോഗ്യവകുപ്പിൽ പാർട്ട് ടൈം സ്വീപ്പർമാരായി നിയമനം ലഭിച്ചവരിൽ, പാർട്ട് ടൈം തസ്തികയിൽ നിന്നും ഫുൾടൈം തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച് വിരമിച്ച 42 ജീവനക്കാരുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. ആയതിൽ 5 പേർ സേവനത്തിൽ പ്രവേശിച്ച തീയതിയും ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ച തീയതിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ ലഭ്യമല്ല. അനുബന്ധം-II -ലെ പട്ടികയിലുള്ളവരിൽ എക്സ്ഗ്രേഷ്യ പെൻഷൻ മാത്രമുള്ളവർക്ക് (Minimum Qualifying Service ഇല്ലാത്തവർക്ക്) മിനിമം ബേസിക് സർവ്വീസ് പെൻഷൻ (2021 -ലെ പെൻഷൻ റിവിഷൻ പ്രകാരം 11,500/- രൂപ), അനുവദിക്കാൻ തീരുമാനിക്കുന്ന പക്ഷം **അടിസ്ഥാന പ്രതിമാസ പെൻഷനിൽ മാത്രം പ്രതിമാസ അധിക സാമ്പത്തിക ബാധ്യത** ഏകദേശം 1,39,494/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) വരുന്നതാണ്.

7) പ്രവർത്തനം നിലച്ച മലബാർ മാർക്കറ്റ് കമ്മിറ്റിയിൽ ജോലി നോക്കുകയും പിന്നീട് വിവിധ വകുപ്പുകളിൽ സ്ഥിരപ്പെടുത്തുകയുംചെയ്ത ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനായി മാത്രം അവരുടെ മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ സേവനകാലം സർക്കാർ സർവ്വീസിനോട് ചേർത്ത് പരിഗണിച്ചതുപോലെ തങ്ങളുടെ താല്ക്കാലിക സേവനകാലയളവും പെൻഷന് പരിഗണിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം പ്രസക്തമല്ല. കേരളത്തിൽ, മലബാർ പ്രദേശത്തിന് മാത്രം ബാധകമായിരുന്ന 1933-ലെ Madras Commercial Crops Market Act ഭരണഘടനാ വിരുദ്ധമാണെന്ന് ബഹു ഹൈക്കോടതി കണ്ടെത്തിയതിനാൽ, മലബാർ മാർക്കറ്റ് കമ്മിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായി. സ്റ്റാറ്റ്യൂട്ടറി ബോഡിയായിരുന്ന ടി കമ്മിറ്റിയിലെ ജീവനക്കാരെ സംരക്ഷിക്കണമെന്ന നിവേദനങ്ങളിൽ സർക്കാർ തീരുമാനമെടുക്കണമെന്ന് ബഹു ഹൈക്കോടതി 30.03.1998 -ലെ O.P. No 6213/1998 കേസിൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ ജീവനക്കാരെ വിവിധ സർക്കാർ വകുപ്പുകളിൽ G.O.(Ms) No. 170/2004/AD dated 09.08.2004 പ്രകാരം പുനർവിന്യസിക്കുകയുണ്ടായി. ഇവർ സേവനത്തിൽനിന്ന് വിരമിച്ചപ്പോൾ മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ ടി ജീവനക്കാരുടെ 10 മുതൽ 25 വർഷം വരെയുള്ള സേവനകാലം പെൻഷനായി മാത്രം കണക്കാക്കാൻ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ 2011 -ലെ മന്ത്രിസഭ തീരുമാനിക്കുകയും അപ്രകാരം G.O.(Ms) No. 171/2011/AD dated 19.07.2011 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുമായിരുന്നു. ഇതുമായി ബന്ധപ്പെട്ട കോടതിവിധികളിലോ തീർപ്പുഫയലുകളിലോ എവിടെയും മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ ജീവനക്കാർ താത്ക്കാലിക ജീവനക്കാരായിരുന്നുവെന്ന പരാമർശം ഇല്ലായെന്ന വസ്തുത ശ്രദ്ധേയമാണ്. അതിനാൽ ഇപ്രകാരം തങ്ങളുടെ ആവശ്യവും പരിഗണിക്കണമെന്ന ഹർജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല.

8) സംസ്ഥാനത്തെ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ അവസാന ഘട്ടത്തിൽ പാരാമെഡിക്കൽ ജീവനക്കാരായി കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും പദ്ധതി പൂർത്തീകരണത്തോടെ പിരിച്ചുവിടപ്പെട്ടവരുമാണ് അപേക്ഷകർ. അവർ ചെയ്ത ജോലിയുടെ സ്വഭാവവും പ്രായവും കണക്കിലെടുത്തും നിലവിലുണ്ടായിരുന്ന ചട്ടങ്ങളിൽ ഇളവ് വരുത്തിയും മാനുഷിക പരിഗണന നൽകിയും പ്രത്യേക കേസായി പരിഗണിച്ചമാണ് അവർക്ക് 2006 -ൽ പാർട്ട് ടൈം സ്വീപ്പർമാരായി നിയമനം നൽകിയത്. ആയതിനാൽ സർക്കാരിന്റെ പ്രത്യേക പരിഗണന ഒരിക്കൽ അനുഭവിച്ചവരാണ് അപേക്ഷകർ. പാർട്ട് ടൈം സ്വീപ്പർമാരായി സർവ്വീസിൽ നിന്നും വിരമിച്ചപ്പോൾ അവരുടെ സേവനകാല പ്രകാരം അർഹതപ്പെട്ട പാർട്ട് ടൈം പെൻഷനും ഫുൾടൈം ആയി വിരമിച്ചവർ സേവനകാലത്തിന്റെ അടിസ്ഥാനത്തിൽ എക്സ്ഗ്രേഷ്യാ പെൻഷനും കൈപ്പറ്റിവരുന്നു. കരാർ സേവനകാലം പെൻഷൻ കണക്കാക്കുന്നതിനു പരിഗണിക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പ് എതിർത്തിട്ടുള്ളതാണ്. താത്ക്കാലിക/കരാർ സേവന കാലയളവ് അർഹതപ്പെട്ട സർവ്വീസിനോട് ചേർത്ത് പ്രതിമാസ പെൻഷന് വേണ്ടി മാത്രം പരിഗണിക്കാൻ ഉത്തരവാകുന്ന പക്ഷം, സമാനരീതിയിൽ വിവിധ സർക്കാർ പദ്ധതികളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള പെൻഷനായവരുടെ നിരവധി അപേക്ഷകളും കോടതി വ്യവഹാരങ്ങളും ഉണ്ടാകുന്നതാണ്.

9) മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഹർജിക്കാരുടെ ആവശ്യം പരിഗണിക്കേണ്ടതുണ്ടോ എന്നതിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ നിലവിലുള്ള വസ്തുതകളുടെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ അപേക്ഷകരുടെ ആവശ്യം പരിഗണിക്കാൻ കഴിയാത്ത സ്ഥിതിയാണെങ്കിലും പ്രായാധിക്യം കണക്കിലെടുത്ത്, മുൻകാല പ്രാബല്യം ഒഴിവാക്കിക്കൊണ്ട്, ഒരു പ്രത്യേക കേസായി കണക്കാക്കി, അപേക്ഷകരുടെ ആവശ്യം പരിഗണിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനം എടുക്കേണ്ട വിഷയം

ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയുടെ കീഴിൽ 1995 – 2000 കാലയളവിൽ ലെപ്രസ്സി ഇൻസ്പെക്ടർമാരായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുകയും പിന്നീട് 2006 –ൽ പാർട്ട് ടൈം സ്വീപ്പർമാരായി ആരോഗ്യവകുപ്പിൽ സ്ഥിരനിയമനം ലഭിച്ച്, ഫുൾ ടൈം തസ്തികകളിൽ സ്ഥാനക്കയറ്റം ലഭിച്ച് സേവനത്തിൽ നിന്ന് വിരമിക്കുകയും ചെയ്ത അനുബന്ധം II ആയി ചേർത്തിരിക്കുന്ന 42 ജീവനക്കാർക്ക് അവരുടെ പ്രായാധിക്യം പരിഗണിച്ച്, ഒരു പ്രത്യേക കേസായി കണക്കാക്കി, മുൻകാലപ്രാബല്യം ഒഴിവാക്കിക്കൊണ്ട്, കരാർ കാലയളവിലെ താത്ക്കാലിക സർവ്വീസ് നിലവിലെ പെൻഷന് അർഹമായ സർവ്വീസ് കാലയളവിനോട് ചേർത്ത് കണക്കാക്കുമ്പോൾ മിനിമം പെൻഷന് അർഹതയുണ്ടെങ്കിൽ ആയത് അനുവദിക്കണമെന്ന ആവശ്യം, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പരിഗണിക്കേണ്ടതുണ്ടോ ?

അനുബന്ധം I

## പാർട്ട് ടൈം ജീവനക്കാരായി വിരമിച്ചവരുടെ പട്ടിക

| ക്രമ നം. | പേര് | സേവനത്തിൽ പ്രവേശിച്ച തീയതി | വിരമിച്ച തീയതി | ആകെ സേവനകാലം പൂർത്തിയാക്കിയ വർഷങ്ങൾ | വിരമിച്ച തസ്തിക |
|---|---|---|---|---|---|
| 1. | ശ്രീ. പ്രഭാകരൻ പി | 10/07/2006 | 30/09/2022 | 16 | പി.ടി.എസ് |
| 2. | ശ്രീ. വേലായുധൻ വി.വി | 08/07/2006 | 31/01/2020 | 14 | പി.ടി.എസ് |
| 3. | ശ്രീമതി. സൗദാമിനി. പി | 11/07/2006 | 31/10/2020 | 14 | പി.ടി.എസ് |
| 4. | ശ്രീ. ശ്രീധരൻ പി | 13/07/2006 | 31/01/2018 | 11 | പി.ടി.എസ് |
| 5. | ശ്രീ. ബാലകൃഷ്ണൻ. എം. വി | 31/05/2006 | 31/12/2020 | 15 | പി.ടി.എസ് |
| 6. | ശ്രീ. ഗോവിന്ദൻ. എം | 15/06/2006 | വിവരം ലഭ്യമല്ല | 15 | പി.ടി.എസ് |
| 7. | ശ്രീമതി. ലളിത. കെ | 25/08/2006 | വിവരം ലഭ്യമല്ല | 12 | പി.ടി.എസ് |
| 8. | ശ്രീമതി.നിർമ്മലകുമാരി.കെ.പി | 26/08/2006 | വിവരം ലഭ്യമല്ല | 13 | പി.ടി.എസ് |
| 9. | ശ്രീമതി. മേഴ്സികുട്ടി തോമസ് | 31/08/2006 | വിവരം ലഭ്യമല്ല | 14 | പി.ടി.എസ് |
| 10. | ശ്രീമതി. കമലാക്ഷി. പി | 28/08/2006 | വിവരം ലഭ്യമല്ല | 15 | പി.ടി.എസ് |
| 11. | ശ്രീ. സത്യനാഥൻ.പി. കെ | 14/06/2006 | വിവരം ലഭ്യമല്ല | 16 | പി.ടി.എസ് |
| 12. | ശ്രീ. ഭാസ്കരൻ. സി | 17/06/2006 | വിവരം ലഭ്യമല്ല | 15 | പി.ടി.എസ് |
| 13. | ശ്രീ. സുന്ദരൻ. ടി | 26/05/2006 | 31/01/2006 | 10 | പി.ടി.എസ് |
| 14. | ശ്രീമതി. സ്വയംപ്രഭ. പി.വി | 25/05/2006 | 31/10/2018 | 12 | പി.ടി.എസ് |
| 15. | ശ്രീ. ശ്രീധരൻ. എം. | 25/05/2006 | 28/02/2019 | 13 | പി.ടി.എസ് |

അനുബന്ധം II

## ഫുൾ ടൈം തസ്തികയിൽ വിരമിച്ച ജീവനക്കാരുടെ പട്ടിക

| ക്രമ നം. | പേര് | സേവനത്തിൽ പ്രവേശിച്ച തീയതി | വിരമിച്ച തീയതി | ആകെ സേവനകാലം പൂർത്തിയാക്കിയ വർഷങ്ങൾ | വിരമിച്ച തസ്തിക | നിലവിലെ പെൻഷൻ | അധിക ബാധ്യത (11,500.00 അടിസ്ഥാനത്തിൽ) |
|---|---|---|---|---|---|---|---|
| 1. | ശ്രീ. പ്രേംചന്ദ്. എസ്.കെ | 17.07.2006 | 31.05.2015 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9,400 | 2100 |
| 2. | ശ്രീ വിജയൻ.പി.സി | 10.07.2006 | 31.10.2012 | 6 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 7050 | 4450 |
| 3. | ശ്രീ. ഹബീബ് റഹ്മാൻ.യു | 7.7.2006 | 31.05.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 4. | ശ്രീ സുബ്രഹ്മണ്യൻ. പി | 13.07.2006 | 31.05.2013 | 7 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 8250 | 3250 |
| 5. | ശ്രീ രവീന്ദ്രദാസ്. കെ | 07.07.2006 | 31.03.2014 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 6. | ശ്രീ.വേണുഗോപാൽ. കെ.വി | 10.07.2006 | 30.06.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 7. | ശ്രീമതി ഷൈലജ. എം | 10.07.2006 | 30.09.2014 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 8. | ശ്രീമതി ഷെലി.എൻ.ജി | 26.06.2006 | 31.05.2015 | 9 | നഴ്സിംഗ് അസിസ്റ്റന്റ് | 10600 | 900 |
| 9. | ശ്രീമതി ശ്യാമള. എ. വി | 24.06.2006 | 30.04.2015 | 9 | നഴ്സിംഗ് അസിസ്റ്റന്റ് | 10600 | 900 |
| 10. | ശ്രീമതി ഗിരിജാമ്മ. പി.പി | 23.06.2006 | 30.11.2011 | 5 | നഴ്സിംഗ് അസിസ്റ്റന്റ് | 5900 | 5600 |
| 11. | ശ്രീമതി മേരി.പി.കെ | 26.06.2006 | 30.06.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 12. | ശ്രീമതി റൂബി മാത്യു | 23.06.2006 | 30.04.2015 | 9 | നഴ്സിംഗ് അസിസ്റ്റന്റ് | 10600 | 900 |
| 13. | ശ്രീമതി ലീല. വി.എ | 24.06.2006 | 31.05.2010 | 4 | നഴ്സിംഗ് അസിസ്റ്റന്റ് | 4700 | 6800 |
| 14. | ശ്രീമതി മോളി. എൻ.സി | 24.06.2006 | 31.10.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 15. | ശ്രീ കെ.പി. ഷാജിഹാൻ | 05.07.2006 | 28.02.2015 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16. | ശ്രീമതി സി മേരി | 22.06.2006 | 31.12.2014 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 17. | ശ്രീ.വി. ഉണ്ണികൃഷ്ണൻ | 27.06.2006 | 31.10.2010 | 4 | നഴ്സിംഗ് അസിസ്റ്റന്റ് | 4700 | 6800 |
| 18. | ശ്രീമതി.പത്മാവതി. എൻ.എ | 22.06.2006 | 30.06.2010 | 4 | നഴ്സിംഗ് അസിസ്റ്റന്റ് | 4700 | 6800 |
| 19. | ശ്രീ. വിദ്യാധരൻ. പി.കെ | 26.06.2006 | 31.03.2014 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 20. | ശ്രീമതി മാലതി. ടി. കെ | 24.06.2006 | 28.02.2015 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 21. | ശ്രീമതി. എം.വി അജിതകുമാരി | 26.06.2006 | 31.07.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 3550 | 7950 |
| 22. | ശ്രീ.കെ.എസ്. നാരായണൻനായർ | 20.10.2006 | 31.03.2015 | 9 | നഴ്സിംഗ് അസിസ്റ്റന്റ് | 10600 | 900 |
| 23. | ശ്രീമതി. ലീലാമ്മ കെ. ജെ | 26.06.2006 | 30.04.2011 | 5 | നഴ്സിംഗ് അസിസ്റ്റന്റ് | 5900 | 5600 |
| 24. | ശ്രീ. എം.എം. വർഗ്ഗീസ് | 5.07.2006 | 30.04.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 25. | ശ്രീ. എം.എൻ കമലാക്ഷൻ | 25.06.2006 | 30.09.2010 | 4 | നഴ്സിംഗ് അസിസ്റ്റന്റ് | 4700 | 6800 |
| 26. | ശ്രീമതി. കാർത്ത്യായനി സി.കെ | 26.06.2006 | 30.11.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 27. | ശ്രീ. ശിവൻ വി.കെ | 26.06.2006 | 31.05.2010 | 4 | നഴ്സിംഗ് അസിസ്റ്റന്റ് | 4700 | 6800 |
| 28. | ശ്രീമതി. പി.കെ ഭാസിനി | 27.06.2006 | 30.11.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 29. | ശ്രീമതി. അൽഫോൺസ എൻ.എം. | വിവരം ലഭ്യമല്ല | 31.01.2015 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 30. | ശ്രീ. വർഗ്ഗീസ്. എം. ജി | 26.06.2006 | 31.07.2014 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 31. | ശ്രീമതി പത്മജ.എ | 24/08/2006 | 31.03.2015 | 9 | നഴ്സിംഗ് അസിസ്റ്റന്റ് | 10842 | 658 |
| 32. | ശ്രീ സുരേന്ദ്രൻ. പി.കെ | 15.07.2006 | 30.09.2013 | 7 | ജെ.എച്ച്.ഐ | 8328 | 3172 |
| 33. | ശ്രീ വിശ്വനാഥൻ. സി | 7.7.2006 | 30.04.2015 | 9 | നഴ്സിംഗ് അസിസ്റ്റന്റ് | 10842 | 658 |
| 34. | ശ്രീമതി അനിത. പി | 17.08.2006 | 30.09.2014 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9558 | 1942 |
| 35. | ശ്രീമതി ഇന്ദിര.എം.ജി | 29.08.2006 | 31.03.2011 | 5 | നഴ്സിംഗ് അസിസ്റ്റന്റ് | 5813 | 5687 |

| | | | | | | | |
|---|---|---|---|---|---|---|---|
| 36. | ശ്രീ രാജൻ.കെ | വിവരം ലഭ്യമല്ല | 30.11.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 37. | ശ്രീ. നാരായണൻ. വി.ഇ | വിവരം ലഭ്യമല്ല | 30.09.2013 | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8250 | 3250 |
| 38. | ശ്രീ. വേണു. വി | വിവരം ലഭ്യമല്ല | 30.11.2014 | 8 | നഴ്സിംഗ് അസിസ്റ്റന്റ് | 9400 | 2100 |
| 39. | ശ്രീ.ദാമോദരൻ അടിയോടി | വിവരം ലഭ്യമല്ല | 31.03.2011 | 5 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 | 5900 | 5600 |
| 40. | ശ്രീ. സുരേഷ് ബാബു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 26.05.2006 | 30.11.2012 | 6 | നഴ്സിംഗ് അസിസ്റ്റന്റ് | 7000 | 3500 |
| 41. | ശ്രീമതി. പ്രഭാവതി. പി. കെ | 16.10.2006 | വിവരം ലഭ്യമല്ല | 7 | നഴ്സിംഗ് അസിസ്റ്റന്റ് | 8823 | 2677 |
| 42. | ശ്രീ. ശിവൻ. എം.കെ | 01.07.2006 | 30.06.2015 | 9 | നഴ്സിംഗ് അസിസ്റ്റന്റ് | 10,600 | 900 |
| **ആകെ പ്രതിമാസ ബാധ്യത** | | | | | | | **139494** |